മത്താ 16:13 - 23

ഒക്ടോബർ 30: കൂദോശ് ഈത്തൊ ഞായർ

ഭാഷ്യം

I. സന്ദർഭം

ദൈവപുത്രനും ക്രിസ്തുവുമായുള്ള യേശു (1:1-4:11) പഠിപ്പിക്കുന്നത് ദൈവ പുത്രരാകാനുള്ള മാർഗവും സ്വർഗരാജ്യത്തിൽ പ്രവേശിക്കാനുള്ള വഴിയുമാണ് (4:12-11:1). അപ്പോൾ യൂദാ നേതാക്കൾ അവനോട് നിഷേധാത്മകമായി പ്രതികരിച്ച് യേശുവിനെ നശിപ്പിക്കാൻ ശ്രമിക്കുന്നു (11:2-13:52). അതേ സമയം യേശുവിന്റെ ശിഷ്യർ അവൻ ദൈവപുത്രനാണെന്ന് തിരിച്ചറിഞ്ഞ് അവനിൽ വിശ്വാസമർപ്പിക്കുന്നു. വിശ്വസിക്കുന്നവരുടെ സമൂഹത്തെ സഭയായി യേശു രൂപപ്പെടുത്തുന്നു. ഇതാണ് 14:1-18:35 വരെയുള്ള ഭാഗത്ത് വിവരിക്കുന്നത്. ഈ ഭാഗത്തെ ഏറ്റവും പ്രധാന സംഭവമാണ് ഇന്നത്തെ സുവിശേഷ ഭാഗം.

II. പ്രമേയം

യേശു നിനക്ക് ആരാണ്? ഇതാണ് ഇവിടത്തെ പ്രമേയം (16:13-15). യേശുവിനെ ദൈവപുത്രനായ ക്രിസ്തുവായി പത്രോസ് തിരിച്ചറിയുന്നു. അതൊരു വിശ്വാസമാണ്. പുറമേ കാണുന്നതിലും കൂടുതൽ ദർശിക്കാനുള്ള ഉൾക്കാഴ്ച. ഈ വിശ്വാസമെന്ന അടിസ്ഥാനത്തിന്മേലാണ് സഭ രൂപീകരിക്കപ്പെടുന്നത്. യേശുവിലുള്ള വിശ്വാസവും വിശ്വാസികളുടെ സമൂഹമായ സഭാക്കൂട്ടായ്മയുമാണ് ഇവിടുത്തെ പ്രമേയങ്ങൾ.

III. സന്ദേശം

1. യേശു ആരാണെന്നാണ് പത്രോസ് പറയുന്നത് (16:16) അതിനു മറുപടിയായി പത്രോസ് ആരാണെന്നാണ് യേശു പറയുന്നത് (16:18). പരസ്പരമുള്ള വ്യക്തിപരമായ അറിവാണിത്. അതും ഏറ്റവും ഭാവാത്മകമായിട്ടുള്ള അറിവ്. അത്തരമൊരു പരസ്പരബന്ധത്തിലാണ് തന്റെ സഭയെ സ്ഥാപിക്കുമെന്ന് യേശു പറയുന്നത് (18:18). ഇതാണ് യഥാർത്ഥ സത്യം. പരസ്പരമുള്ള വ്യക്തിപരമായ തിരിച്ചറിവാണ് വലിയ കാര്യങ്ങൾക്ക് അടിസ്ഥാനമിടപ്പെടുന്നത്. ഭാര്യയുടെയും ഭർത്താവിന്റെയും തിരിച്ചറിവിലും സൗഹൃദത്തിലുമാണ് കുടുംബം

അടിസ്ഥാനമിടപ്പെടുന്നത്; നല്ല മക്കൾ രൂപമെടുക്കുന്നതും. ഏതു നല്ലകാര്യവും മനുഷ്യജീവിതത്തിൽ സംഭവിക്കുന്നത് ഇത്തരം ഭാവാത്മകമായ പാരസ്പരികതയിലാണ്. അതിനാൽ നിന്റെ പ്രിയരെ വ്യക്തിപരമായി അറിയാനും അവരുടെ നന്മകൾ ഏറ്റുപറയാനും നീ ശീലിക്കുക. അപ്പോൾ വലിയ കാര്യങ്ങൾ പിറവിയെടുക്കുന്നത് നിനക്ക് കാണാനാവും.

2. നരകകവാടങ്ങൾ അതിനെതിരെ പ്രബലപ്പെടുകയില്ല (18:18). നരകകവാടങ്ങൾക്ക് എതിരെയുള്ള ഏറ്റവും വലിയ പ്രതിരോധത്തെക്കുറിച്ചാണ് യേശു ഇവിടെ സൂചിപ്പിക്കുന്നത്. നരക കവാടങ്ങൾക്ക് എതിരെയുള്ള പ്രതിരോധം വ്യക്തിപരമായ അനുഭവത്തിൽ അടിസ്ഥിതമായ പരസ്പരബന്ധമാണ്. അതിനാൽ നാരകിയ ശക്തികൾ നിനക്കെതിരെ പ്രബലപ്പെടുത്തുന്നുവെന്ന് തോന്നുമ്പോൾ നിന്റെ സ്നേഹബന്ധങ്ങളിൽ നീ അഭയം തേടുക; നിന്റെ സ്നേഹബന്ധങ്ങളെ നീ ബലപ്പെടുത്തുക.

പരസ്പരമുള്ള വ്യക്തിപരമായ അറിവിൽ അടിയുറച്ച സ്നേഹബന്ധങ്ങൾക്ക് എതിരെ നരക കവാടങ്ങൾ പ്രബലപ്പെടുകയില്ല. അതിനാൽ ശത്രുക്കൾ നിനക്കെതിരെ അണിനിരക്കുമ്പോഴും, നിന്നെ ഒറ്റപ്പെടുത്തുമ്പോഴും നിന്റെ സ്നേഹബന്ധങ്ങളിൽ നീ അഭയം തേടുക. ഏറ്റവും വലിയ സ്നേഹബന്ധമായ ക്രിസ്തുവിലും. അവനെതിരെ പ്രബലപ്പെടാൻ നരക കവാടങ്ങൾക്ക് കഴിയുകയില്ല.

3. യേശുവിനെ, ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തുവായി തിരിച്ചറിയുന്ന പത്രോസിനാണ് സ്വർഗരാജ്യത്തിന്റെ താക്കോലുകൾ അവൻ വാഗ്ദാനം ചെയ്യുന്നത് (16:19). ക്രിസ്തുവിനെ വ്യക്തിപരമായി അറിയുമ്പോഴാണ് ഒരുവന് സ്വർഗ്ഗത്തിന്റെ താക്കോൽ കിട്ടുന്നതെന്നർത്ഥം. അതായത് നിന്റെ ക്രിസ്താനുഭവമാണ് സ്വർഗ്ഗരാജ്യത്തിലേക്കുള്ള നിന്റെ പ്രവേശനകവാടമെന്നു സാരം. അതിനാൽ ക്രിസ്തുവുമായുള്ള നിന്റെ വ്യക്തിബന്ധത്തെ നീ ബലപ്പെടുത്തുക. അതിനെ അനുദിനം വളർത്തിക്കൊണ്ടുവരുക. ക്രിസ്തു നിനക്ക് ആരാണെന്നുള്ള സത്യം അനുദിനം നീ അനുഭവിക്കുക. അതിലൂടെയാണ് നീ സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുന്നത്.

ഡോ. ജേക്കബ് നാലുപറയിൽ

പ്രസംഗം

പത്രോസ് മണ്ണിൽ വേരുള്ള മനുഷ്യൻ

'കോവാദിസ്' വിശ്വപ്രസിദ്ധമായ നോവലാണ്. ആദ്യ നൂറ്റാണ്ടിലെ ക്രിസ്ത്യാനികളുടെ കഥപറയുന്ന 'കോവാദിസിന്റെ' കേന്ദ്ര കഥാപാത്രം പത്രോസാണ്. റോമാനഗരം മുഴുവൻ തീവച്ചിട്ട് ആ കുറ്റം മുഴുവൻ ക്രിസ്ത്യാനികളുടെ മേൽ ചുമത്തി നീറോ ചക്രവർത്തി മതപീഢനം നടത്തുന്നു. ഈ സമ

യത്താണ് ഒരു രാത്രിയുടെ നിഴൽപറ്റി പത്രോസ് റോമിൽ നിന്നും പലായനം ചെയ്യുന്നത്. രാജ്യത്തിന്റെ അതിർത്തിയിൽ ഒരു കുരിശും തൂക്കി കർത്താവ് എതിരെ വരുന്നു. ഒരു ഞെട്ടലോടെ പത്രോസ് ചോദിച്ചു: "കോവാദിസ് ദോമിനെ?" (നീ എവിടെ പോകുന്നു ദൈവമെ?)" ക്രിസ്തു പറഞ്ഞു: "കാൽവ രിയിലേക്ക്. ഒരിക്കൽ കൂടി കുരിശിൽ മരിക്കാൻ." തല കുനിച്ചുപോയ പത്രോസ് പിന്നെ ധൃതിയിൽ കോളോസിയത്തിലേക്ക് നടന്നു, മരിക്കാൻ.

പത്രോസിനെ സഭയുടെ തലവനാക്കുന്ന സംഭവമാണ് സുവിശേഷത്തിൽ. എപ്പോഴും ഒരു ചോദ്യം മനസ്സിൽ ഉയരുന്നുണ്ട്. പത്രോസിനെ എന്തുകൊണ്ട് ആദ്യത്തെ മാർപ്പാപ്പയാക്കി?

തിരഞ്ഞെടുപ്പിൽ ബുദ്ധിയാണ് മാനദണ്ഡമായിരുന്നെങ്കിൽ മത്തായി ഉണ്ടാ യിരുന്നില്ലെ. മത്തായി ടാക്സ് കളക്ടർ ആയിരുന്നു. അന്നത്തെ കാലത്ത് ഒരു Gazetted Office റാങ്കിംങ്ങ്. പക്ഷേ മത്തായി തിരഞ്ഞെടുക്കപ്പെട്ടില്ല.

തീക്ഷ്ണതയുടെ കാര്യത്തിൽ യാക്കോബ് ഉണ്ടായിരുന്നു. തീവ്രവാദിയാ യിരുന്നു യാക്കോബ്. റോമാ ഭരണത്തിനെതിരെ ഒളിപ്പോരാട്ടം നടത്തിയ യാ ക്കോബ് ദൈവരാജ്യം വെട്ടിപ്പിടിക്കാൻ എന്തുകൊണ്ടും യോഗ്യനായിരുന്നു.

സൗന്ദര്യത്തിന്റെ കാര്യത്തിൽ യോഹന്നാനുണ്ടായിരുന്നു. തിയോളജിയൻസ് പറയുന്നത് യോഹന്നാൻ അതീവ സുന്ദരനായിരുന്നുവെന്നാണ്. പക്ഷേ, യോഹ ന്നാനും ഒഴിവാക്കപ്പെട്ടു.

ചങ്കൂറ്റത്തിന്റെയും ധൈര്യത്തിന്റെയും കാര്യത്തിൽ തോമസുണ്ടായിരുന്നു. നമുക്കും അവനോടൊപ്പം പോയി മരിക്കാം എന്നു പറഞ്ഞ വേറെ ഏതു അപ്പസ്തോലനുണ്ട്? കർത്താവിന്റെ മുറിപ്പാടുകളിൽ വിരലിടാൻ ധൈര്യം കാണിച്ച വേറെയാരുണ്ട്?

പക്ഷേ ദൈവനിയോഗം നോക്കണെ; ഈ പറഞ്ഞ ഗുണങ്ങളൊന്നും ഇല്ലാത്ത പത്രോസിനെ ക്രിസ്തു തിരഞ്ഞെടുത്തു. പത്രോസിനു വളരെ ഗൗര വമായി അറിയാമായിരുന്നത് മീൻപിടുത്തമായിരുന്നു. പക്ഷേ അവിടെപ്പോലും രണ്ടു തവണ തോറ്റുപോയി.

ഒരു നിലാവുള്ള രാത്രിയിൽ കടലിനു മീതേ നടക്കുന്ന കർത്താവിനെ കണ്ടപ്പോൾ പത്രോസിനൊരു ആഗ്രഹം, കടലിന്റെ മീതെ നടക്കാൻ. കർത്താവ് വിളിച്ചു. പത്രോസ് നടന്നു. പക്ഷേ പത്രോസ് വിശ്വാസം കൈവിട്ടു വെള്ളം പത്രോസിനെയും.

ക്രിസ്തു വളരെ ഗൗരവത്തോടെ തന്റെ പീഡാനുഭവത്തെക്കുറിച്ചു പറ ഞ്ഞുകൊണ്ടിരിക്കുമ്പോൾ പത്രോസ് ക്രിസ്തുവിനെ വിളിച്ചു മാറ്റി നിർത്തി ഒരു ഉപദേശം. ക്രിസ്തുപറഞ്ഞു: "സാത്താനെ പിറകെ പോ!"

അവസാന അത്താഴ സമയത്ത് കർത്താവേ നിന്നോടൊപ്പം മരിക്കാൻ വരെ ഞാൻ തയ്യാറാണെന്ന് പറഞ്ഞ പത്രോസ് മണിക്കൂറുകൾക്കുള്ളിൽ മൂന്നു വട്ടം തള്ളി പറഞ്ഞില്ലെ!

ക്രിസ്തു തന്റെ ഉയിർപ്പിനു ശേഷം രണ്ടു തവണ ശിഷ്യന്മാർക്കു പ്രത്യക്ഷപ്പെട്ടു ധൈര്യം കൊടുത്തതാണ്. പക്ഷേ പത്രോസ് അതൊക്കെ മറന്നു വീണ്ടും ഒരിക്കൽ ഉപേക്ഷിച്ച പണിക്കു പോകുന്നുണ്ട്.

ഇങ്ങനെ കുറെ പണികിട്ടിയ പത്രോസിനെ ക്രിസ്തു എന്തിനു തിരഞ്ഞെടുത്തു? ക്രിസ്തുവിന്റെ വാക്കിൽ നിന്നുതന്നെ അതിന് ഉത്തരം കണ്ടെത്താം. "നിന്റെ ചിന്ത ദൈവികമല്ല; മാനുഷികമാണ്!" ചോദ്യത്തിന് ഉത്തരം പത്രോസ് ഒരു മനുഷ്യനായിരുന്നു. ബൈബിളിലെ മറ്റു പല കഥാപാത്രങ്ങളേക്കാളും പത്രോസ് നമ്മുടെ മനസ്സിൽ മാനം മുട്ടെ വളർന്നിട്ടുണ്ടെങ്കിൽ അത് പത്രോസിന്റെ മനുഷ്യത്വം കാരണമാണ്. നമ്മുടെയൊക്കെ വീഴ്ചകളും വികാരങ്ങളും, പോരായ്മകളും നമ്മൾ പത്രോസിൽ കാണുന്നത് കൊണ്ടാണ്.

ഫ്രാൻസീസ് പാപ്പാ എപ്പോഴും സൂചിപ്പിക്കും; സഭ വിശുദ്ധരുടെ കൂട്ടായ്മ മാത്രമല്ല പാപികൾക്കു വേണ്ടിയുള്ള ആശുപത്രിയാണ് എന്ന്. പച്ചയായ വികാരങ്ങളും, വീഴ്ചകളും, ബലഹീനതകളും ഉള്ള മനുഷ്യരാണ് സഭയിലുള്ളത്. ഇങ്ങനെയുള്ള സഭയെ നയിക്കണമെങ്കിൽ ആകാശം തുളച്ചു മാലാഖമാർ വന്നിട്ടു കാര്യമില്ല. ഭൂമിയിൽ വേരുകളുള്ള മനുഷ്യരെ വേണം, പത്രോസിനെപ്പോലെ.

ഉദാഹരണങ്ങൾ നിരത്തിയപ്പോൾ പത്രോസിന്റെ വീഴ്ചകൾ മാത്രമാണ് പറഞ്ഞത്. പക്ഷേ, പത്രോസിനു വീഴ്ചകൾ മാത്രമല്ല ഒരു തിരിച്ചുവരവുമുണ്ട്. ക്രിസ്തീയ സ്നേഹം പത്രോസിന്റെ സ്നേഹം പോലെയാണ്. 'Christian love is a story of a call, fall and recall' - ക്രിസ്തുവിന്റെ വിളി നമുക്കുണ്ട്. നമ്മൾ പല തവണ വീണിട്ടുണ്ട് പക്ഷേ ഒരു തിരിച്ചു വരവുണ്ടോ?

ഫാ. ജോൺ ക്യാപ്പിസ്റ്റൻ ലോപ്പസ്